പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5229 — 31/10/2016-ൽ മറുപടിയ്ക്ക്

# സിസ്റ്റെഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സിസ്റ്റെഡിലെ (CSTED) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) & (ബി) | പരാതിക്കാരായ ജീവനക്കാരെ സിസ്റ്റെഡിന്റെ റഗുലർ ജീവനക്കാരായി പരിഗണിക്കണമെന്നാണ് ബഹു. ഹൈക്കോടതി വിധിച്ചിരിക്കുന്നത് അതനുസരിച്ച് അവർക്ക് ശമ്പള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകാനും പ്രസ്തുത കോടതി വിധിയിൽ ഉത്തരവായിട്ടുണ്ട്. സ്വന്തമായി വരുമാനമാർഗ്ഗം കണ്ടെത്തി നടത്തി വരുന്ന സൊസൈറ്റിയാണ് സിസ്റ്റെഡ്. പ്രസ്തുത സ്ഥാപനം സർക്കാർ ഗ്രാന്റ് -ഇൻ-എയ്ഡ് സ്ഥാപനമല്ല. 2012 മുതൽ കാര്യമായ പ്രവർത്തനങ്ങൾ നടക്കാത്തതുമൂലം സിസ്റ്റെഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമല്ലാത്ത തിനാൽ കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ബാധ്യത സിസ്റ്റെഡിനാണ്. |
| (ബി) | ഇത് സംബന്ധിച്ച് നിലവിലുള്ള 30/A1 തീയതി 22.07.2016 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ബഹു. കേരള ഹൈക്കോടതി ഉത്തരവിനനുസൃതമായി ജീവനക്കാർക്ക് ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത പ്രശ്നം പരിഹരിച്ച് അടിയന്തരമായി ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സിസ്റ്റെഡിന്റെ ധനലഭ്യതയ്ക്കനുസരിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ